# നെൽക്കൃഷി തിരിച്ചുവരണമെങ്കിൽ...

**കൃഷിക്കാരുടെ ഓർമക്കുറിപ്പുകൾ – നാല്**

കരുമാത്ര ഭവാനന്ദൻ

**സ്വാ**തന്ത്ര്യപ്രാപ്തിക്കു മുമ്പ് കേരളത്തിൽ ഏകദേശം 20 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്തിരുന്നുവെന്ന് പറയപ്പെടുന്നു. പാടത്തു മാത്രമല്ല പറമ്പിലും മലയോരങ്ങളിലും കുന്നിൻമുകളിലും നെൽകൃഷിചെയ്തു. ആയിരക്കണക്കിന് ഹെക്ടർ വരുന്ന കുട്ടനാടൻ പാടശേഖരങ്ങൾ മണ്ണിട്ടുനികത്തിയെടുത്തതാണെന്നു പറഞ്ഞാൽ ഇക്കാലത്താരും വിശ്വസിക്കില്ല. ഇന്നുള്ളതിന്റെ നാലിലൊന്നുവരുന്ന ബഹുജനം പട്ടിണികിടന്നു. കാരണം പ്രകൃതിയുടെ വികൃതികൾ. ഇന്നു വെള്ളപ്പൊക്കമെന്നു പറയുന്നത് അക്കാലത്ത് മലവെള്ളമായിരുന്നു. തൊണ്ണൂറ്റിമ്പതിലെ വെള്ളപ്പൊക്കമെന്ന് കേട്ടിട്ടില്ലേ. ഭയങ്കരൻ. അത്രമാത്രം തീക്ഷ്ണമല്ലെങ്കിലും വിരിപ്പുകൃഷി വെള്ളത്തിലാക്കുന്ന കലാപരിപാടികൾക്ക് കാര്യമായ ഇടവേളകളുണ്ടായിരുന്നില്ല. മുണ്ടകനും തദൈവ. വെള്ളം വാർന്നുപോയിട്ടുവേണ്ടേ വിത്തിറക്കുവാൻ. അപ്പോഴേക്കും വരുന്നു വെടിക്കെട്ടുമായി തുലാവർഷം. നാളികേരം മാത്രമായിരുന്നു അക്കാലത്ത് നമ്മുടെ പ്രധാനപ്പെട്ട കാർഷികോത്പന്നം. അതിനാകട്ടെ വില കമ്മി. അയൽനാടുകളിൽനിന്നും അരി വാങ്ങുന്ന പരിപാടിയും തന്മൂലം അവതാളത്തിലായി. പറക്കുന്നതിൽ വിമാനവും ഇഴയുന്നതിൽ പശുവിന്റെ കയറുമൊഴിച്ചെല്ലാം വാരിവലിച്ചു തിന്ന് നമ്മുടെ കാരണവന്മാർ വിശപ്പടക്കി. എല്ലുമുറിയെ പണിയെടുത്ത് മനം മര്യാദയ്ക്ക് പട്ടിണികിടക്കുന്ന കലാപരിപാടി.

മേല്പ്പടി നാടകത്തിനൊരറുതി വരുത്തിയത് സാക്ഷാൽ സായ്പന്മാരായിരുന്നു. അവരെത്താത്ത ദിക്കുകളില്ലല്ലോ. നമ്മൾ കൊണ്ടറിയുമ്പോൾ സായ്പ് കണ്ടറിയും. നമ്മുടെ കാലാവസ്ഥക്കിണങ്ങുന്ന റബ്ബറും തേയിലയും ഏലവും കശുവണ്ടിയുമെല്ലാം (കൊക്കോ ഒഴികെ. അത് നമ്മളായിട്ടു കണ്ടുപിടിച്ചതാണല്ലോ) അവരിവിടെ പ്രചരിപ്പിച്ചു. തിരുവിതാംകൂറിൽ സർ സി.പി. രാമസ്വാമി അയ്യർ മുൻകൈയെടുത്ത് ചില വ്യവസായങ്ങൾക്ക് തുടക്കമിട്ടു. ക്രമേണ നമ്മുടെ ശനിദശക്കൊരറുതി വന്നതോടെ നെൽകൃഷിക്ക് കേതുദശാകാലവും ആരംഭിച്ചു.

ഇതിനിടെ കള്ളനു കഞ്ഞിവയ്ക്കുന്ന കൂട്ടരുടെ കൈകളിൽ പുലിവാലേൽപ്പിച്ച് വെള്ളക്കാരൻ മുങ്ങി. വിവരമില്ലാത്തവൻ വെടക്കിനെ കൂട്ടുപിടിക്കുമെന്നല്ലേ ചൊല്ല്. ജാഥനയിച്ചും മുദ്രാവാക്യം വിളിച്ചും ഗോതമ്പുണ്ട തിന്നും മാത്രം പരിചയിച്ച രാഷ്ട്രീയക്കാരൻ വിദഗ്ധരുടെ പിന്നാലെ കൂടി. ക്ഷയരോഗം ബാധിച്ച നെൽകൃഷിയെ രക്ഷിക്കുവാൻ ആദ്യമായി അങ്ങ് വെള്ളായണിയിൽ ഒരു കാർഷിക കോളജ് തുടങ്ങി. തുടർന്ന് തൃശൂരിൽ കാർഷിക സർവകലാശാല. ബിരുദാനന്തര ബിരുദധാരികളെകൊണ്ട് കൃഷിവകുപ്പു നിറഞ്ഞൊഴുകി. ഓഫീസിലിരുന്ന് കടലാസിൽ ഗവേഷണം നടത്തുവാനുള്ള സൗകര്യങ്ങൾ.



ഡോക്ടറേറ്റ് നേടിയവർക്ക് ഉയർന്ന പദവികൾ. 70-71 കാലഘട്ടത്തിലെ കണക്കുപ്രകാരം നെൽകൃഷി എട്ടു ലക്ഷം ഹെക്ടറിലേക്കു ചുരുങ്ങി. കൃഷിവകുപ്പിൽ മാത്രം പതിനോരായിരത്തോളം ജീവനക്കാരുണ്ടെന്ന് കണക്കാക്കിയ 96-97-ൽ നെൽകൃഷി വീണ്ടും ശുഷ്കിച്ച് മൂന്നര ലക്ഷം ഹെക്ടറിലെത്തി. ഇക്കണക്കിന് രണ്ടായിരാമാണ്ടിൽ കൃഷിവകുപ്പുകാർക്ക് ചോറിനുള്ള നെല്ലു തന്നെ ഉത്പാദിപ്പിക്കപ്പെടുമോ എന്ന് കണ്ടറിയണം.

നെൽകൃഷി ചുരുങ്ങിയെങ്കിലും ഉത്പാദന ക്ഷമത 36 ശതമാനം വർധിച്ചെന്നാണ് വിദഗ്ധരുടെ ലേറ്റസ്റ്റ് ഭാഷ്യം. വിദഗ്ധരുടെ കൈപ്പുണ്യം കൊണ്ടല്ല ഉത്പാദന ക്ഷമത വർധിച്ചത് നമ്മുടെ ജലസേചനപദ്ധതികളുടെ വിജയവും പ്രകൃതിയുടെ കാരുണ്യവുമാണ് ഇന്ന് നെൽകൃഷി ചെയ്യുന്ന മൊത്തം നിലങ്ങളുടെ പകുതിയിലേറെ ജലസേചനം പ്രയോജനപ്പെടുത്തുന്നവയാണ്. ഒരുപ്പൂനിലം ഇരുപ്പൂനിലമായി. പത്തു നാല്പതു വർഷമായിട്ട് മഴ നന്നേ കുറഞ്ഞു. പെയ്ത്തുവെള്ളം ഏറെക്കുറേ ഡാമുകളിൽ തടഞ്ഞുനിർത്തുന്നു. ഡാമുകളുടെ സംഭരണശേഷി കവിയുമ്പോൾ വല്ലപ്പോഴും തുറന്നുവിടുന്ന വെള്ളം നമുക്കിന്ന് ഉപദ്രവകാരിയല്ലെങ്കിലും കേന്ദ്രത്തോട് വെള്ളപ്പൊക്ക ദുരിതാശ്വാസം കണക്കുപറഞ്ഞ് വാങ്ങുവാനുതകുന്നു.

ഇത്രയും അനുകൂലമായ കാലാവസ്ഥയും ജലസേചനസൗകര്യങ്ങളുമുണ്ടായിട്ടും നെൽപാടങ്ങൾ മറ്റു കൃഷികൾക്കുപയോഗിക്കുന്നതിന്റെ മുഖ്യകാരണം കാർഷിക മേഖലയിലെ കൂലികൂടുതൽ തന്നെ. രണ്ടാമത്തേത് സർക്കാരിനു കീഴിൽ ഉയർന്ന ശമ്പളവും അലവൻസുകളും കൈപ്പറ്റി പെരുകിക്കൊണ്ടിരിക്കുന്ന വിദഗ്ധരും. മേപ്പടിയന്മാരില്ലായിരുന്നുവെങ്കിൽ ഇന്നു പ്രചാരത്തിലുള്ള അത്യുത്പാദനശേഷിയും ശേമുഷിയുമുണ്ടെന്നു പറയുന്ന കോക്കാനും മരപ്പട്ടിയുമല്ലാത്ത വിത്തിനങ്ങൾ കേരളക്കരയിൽ കണികാണില്ലായിരുന്നു. മുപ്പത്തിയാറു ശതമാനം ഉത്പാദനക്ഷമത മുന്നൂറ്റി അറുപത് ശതമാനമായി കണിശമായും ഉയരുമായിരുന്നു. നമ്മുടെ സർക്കാരിനു കീഴിലുള്ള എൺപത്തിയാറു വകുപ്പുകളിൽ തൊണ്ണൂറു ശതമാനവും അനാവശ്യമായവയല്ലേ? ആ അനാവശ്യമായവയുടെ പട്ടികയിൽ ഏറ്റവും കഴുപ്പെട്ടത് കൃഷിവകുപ്പും.

1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലത്ത് വെള്ളായണി കാർഷിക കോളജിലെ ആദ്യത്തെ ബാച്ച് വിദ്യാർഥികളെ അഭിസംബോധന ചെയ്ത് മുഖ്യമന്ത്രി ഇ.എം.എസ്. പറഞ്ഞതോർമവരുന്നു.

'കാർഷിക വിദ്യാഭ്യാസം ഒരിക്കലും സർക്കാർ ഉദ്യോഗത്തെ ലാക്കാക്കിയാകരുത്. അത് നിങ്ങളുടെ കഴിവുകളെ മുരടിപ്പിക്കും. പകരം ഇവിടെനിന്നു പകർന്നുകിട്ടുന്ന പുത്തൻ അറിവുകൾ അവരവരുടെ ഗ്രാമങ്ങളിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ചിന്തിക്കേണ്ടത്'.

നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹെക്ടർ ഒന്നിന് 350 രൂപ സബ്സിഡി നല്കിയിരുന്നത് ഈയിടെ 1000 രൂപയാക്കിയിട്ടുണ്ടെന്നത് സ്വാഗതാർഹം തന്നെ. എന്നാൽ അതുകൊണ്ടും വാഴയും ചേമ്പും ചേനയും മരച്ചീനിയും പച്ചക്കറികളും നെൽപാടങ്ങളിൽനിന്ന് അപ്രത്യക്ഷമാകില്ല. ചുരുങ്ങിയത് 3000 രൂപയെങ്കിലും സബ്സിഡി നല്കാമെന്നുവച്ചാൽ തീർച്ചയായും നെൽകൃഷി തിരിച്ചുവരും.

പക്ഷേ, അത് സർക്കാരിന് താങ്ങുവാൻ പറ്റുമെന്ന് തോന്നുന്നില്ല. താങ്ങുവാൻ പറ്റും അനാവശ്യമായ വകുപ്പുകളും തസ്തികകളും വേണ്ടെന്നുവച്ചാൽ. അല്ലാത്ത പക്ഷം ഏതാനും വർഷങ്ങൾകൂടി കാത്തിരുന്നേ മതിയാകൂ. സമീപഭാവിയിൽ നമുക്ക് അരി തരുന്ന സംസ്ഥാനങ്ങളിലും കൂലി കൂടുതലിന്റെ പേരിൽതന്നെ നെല്ലുത്പാദനം കുറയും. വില കൂടും പകരം നില്ക്കുവാൻ നമ്മുടെ റബ്ബറിനും സുഗന്ധദ്രവ്യങ്ങൾക്കും കഴിയാതെ വരും.

മൂഷിക സ്ത്രീ വീണ്ടും മൂഷികസ്ത്രീയാകും. എന്തു വേണമെന്നു നിശ്ചയിക്കേണ്ടത് പ്രജകളല്ലല്ലോ? രാഷ്ട്രീയക്കാരല്ലേ? പിന്നെ വിദഗ്ധരും!.